# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 320 | | | 30/11/2015 ൽ മറുപടിക്ക് |
|---|---|---|---|
| **ബാർക്കോഴ** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.പി.ടി.എ.റഹീം** | | **ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)** | |
| (എ) | ബാർ വിഷയത്തിൽ ആരോപണ വിധേയനായ ബഹു.എക്സൈസ് വകുപ്പമന്ത്രിയ്ക്കെതിരെ ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ബിജു രമേശിന്റെ ആക്ഷേപത്തിൻമേൽ വിജിലൻസ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (എ) യും (ബി) യും | ബാർ കോഴ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.ബിജുരമേശ് ബഹുമാനപ്പെട്ട ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ നൽകിയ Cr.Pc 164 മൊഴിയിൽ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.ബാബുവിനെതിരെയുള്ള പരാമർശത്തിൽ വിജിലൻസ് ആന്റ് ആന്റി.കറപ്ഷൻ ബ്യൂറോ ഒരു പ്രാഥമിക അന്വേഷണം നടത്തുകയും മതിയായ മെറ്റീരിയൽസ് ഇല്ലാത്തതിനാൽ ടി അന്വേഷണം അവസാനിപ്പിക്കുകയും ചെയ്തു. |
| (ബി) | തിരുവനന്തപുരം മജിസ്ട്രേറ്റ് കോടതിയിൽ സി.ആർ.പി.സി 164 പ്രകാരം ബിജു നല്കിയ മൊഴി വിജിലൻസ് പരിശോധിക്കുകയുണ്ടായോ ; വിജിലൻസിനു ബഹു.എക്സൈസ് വകുപ്പമന്ത്രിയെക്കുറിച്ച് അന്വേഷണം ആവശ്യപ്പെട്ട് ഇതിനകം ലഭിച്ച പരാതികൾ അന്വേഷണ സംഘം പരിശോധിക്കുകയുണ്ടായോ ; | | |
| (സി) | പരാതികളിൽ ക്വിക് വെരിഫിക്കേഷൻ നടത്താതെ പ്രാഥമികാന്വേഷണം മാത്രം നടത്തുകയുണ്ടായോ ; ഇതിനായി ഉത്തരവ് നല്കിയത് ഹൈക്കോടതിയുടെ പരാമർശങ്ങൾക്കിരയായ വിജിലൻസ് ഡയറക്ടർ ആയിരുന്നോ; മുൻ ധനകാര്യ മന്ത്രിയുടെ പരാതിയിൽ ക്വിക് വെരിഫിക്കേഷന് ഉത്തരവിട്ടത് ആരായിരുന്നു; | (സി) | പ്രസ്തുത വിഷയം സംബന്ധിച്ച് ഡയറക്ടറുടെ നിർദ്ദേശപ്രകാരം പ്രാഥമികാന്വേഷണമാണ് നടത്തിയത്. മുൻ ധനകാര്യമന്ത്രിക്കെതിരെ പ്രതിപക്ഷനേതാവ് ശ്രീ.വി.എസ്.അച്യുതാനന്ദന്റെ പരാതിയിൽ ബാർ കോഴയുമായി ബന്ധപ്പെട്ട് വിജിലൻസ് ഡയറക്ടർ സത്വരാന്വേഷണം നടത്താൻ ഉത്തരവിട്ടിരുന്നു. സത്വരാന്വേഷണത്തിലും പ്രാഥമികാന്വേഷണത്തിലും പേരിലുള്ള വ്യത്യാസം അല്ലാതെ അന്വേഷണ രീതിയിൽ മാറ്റമില്ല |
| (ഡി) | പ്രാഥമികാന്വേഷണം നടത്തിയ വിജിലൻസ് ഉദ്യോഗസ്ഥർ ആരായിരുന്നു. അവരുടെ അധികാര പരിധിയിലായിരുന്നോ പരാതി ഉണ്ടായിരുന്നത്; എന്തെല്ലാം പരാതികളിൽ ആരിൽ നിന്നെല്ലാം തെളിവെടുക്കുകയുണ്ടായി ; | (ഡി) | വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മദ്ധ്യമേഖലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ശ്രീ.എം.എൻ.രമേശ്, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, എറണാകുളം യൂണിറ്റിനായിരുന്നു പ്രസ്തുത അന്വേഷണത്തിന്റെ ചുമതല. ബാറുകൾ എല്ലാ ജില്ലകളിലും ഉള്ളതുകൊണ്ടും, ബാർ അസോസിയേഷൻ ഓഫീസ് അവിടെ ആയതുകൊണ്ടും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ മദ്ധ്യമേഖലയെക്കൊണ്ട് പ്രാഥമിക അന്വേഷണം നടത്തിയതിൽ അപാകതയില്ല അതേപോലെ കെ.എം.മാണിയുടെ കാര്യത്തിലും സത്വരാന്വേഷണം നടത്തിയത് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ദക്ഷിണമേഖല ആണ്. |
| (ഇ) | വിജിലൻസ് മാന്വലിലും സുപ്രീം കോടതി നിർദ്ദേശങ്ങളിലും വ്യവസ്ഥ ചെയ്തിരുന്ന ഏത് രീതിയിലുള്ള അന്വേഷണമാണ് ബഹു.എക്സൈസ് മന്ത്രിക്കെതിരെയുണ്ടായ പരാതികളിന്മേൽ നടത്തിയത്; വിശദമാക്കുമോ ? | (ഇ) | ലളിതകുമാരി Vs സ്റ്റേറ്റ് ഓഫ് യു.പി. കേസിൽ സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിലാണ് പ്രാഥമിക അന്വേഷണം നടത്തിയത്. പ്രാഥമികാന്വേഷണത്തിലും സത്വരാന്വേഷണത്തിലും പേരിലുള്ള വ്യത്യാസം അല്ലാതെ അന്വേഷണ രീതിയിൽ വ്യത്യാസമില്ല |

**സെക്ഷൻ ഓഫീസർ**